**ഫോറം നമ്പർ 7**
**[ചട്ടം 18(1) കാണുക]**

**<u>വകുപ്പ് 11 (1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം</u>**

**സി1-86808/2016 കളക്ടറേറ്റ്, എറണാകുളം, തീയതി : 31/12/2017**

കേരള സർക്കാർ 04.12.2015-ാം തീയതിയിലെ സ.ഉ.(സാധാരണ) നമ്പർ 649/2015/റവ.വിജ്ഞാപനം പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ എൽ എ എയർപോർട്ട്, നെടുമ്പാശ്ശേരി സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

ഈ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടറേറ്റ് (എൽ എ) ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ലോ ലെവൽ കനാൽ ചെയിനേജ് 10490-12000 മീറ്റർ - ന്റെ നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ, എൽ എ എയർപോർട്ട് നെടുമ്പാശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും

സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

**പട്ടിക**

ജില്ല : എറണാകുളം താലൂക്ക് : ആലുവ

വില്ലേജ് : അങ്കമാലി ബ്ലോക്ക് : 12

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു)

| ക്രമ നമ്പർ | സർവ്വെ നമ്പർ സബ് ഡിവിഷൻ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ/ആർ സ്ക്വയർ മീറ്റർ) | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള കാരണം | ഉടമസ്ഥർ |
|---|---|---|---|---|---|---|
| 1 | 24/10 (പുതിയ സർവ്വെ റിക്കാർഡ് പ്രകാരം 32) | പുരയിടം | 0.00.07 | ഇടമലയാർ ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട് ലോ ലെവൽ കനാൽ ചെയിനേജ് 10490-12000 മീറ്റർ - ന്റെ നിർമ്മാണം | മാറ്റി പാർപ്പിക്കുന്നില്ല | മുണ്ടാടൻ വർഗീസ് ഭാര്യ ഏലിക്കുട്ടി, മക്കൾ റീന, ആൻഡ്രൂസ് വിൻസന്റ് മുതൽ പേർ |

ആകെ 0.00.07 ഹെക്ടർ

**സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ സംക്ഷിപ്ത രൂപം**

S I A യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് തയ്യാറാക്കി നൽകിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട്, ഡെപ്യൂട്ടി കളക്ടർ (എൽ എ) ചെയർമാനായിട്ടുള്ള വിദഗ്ദ്ധ സമിതി തയ്യാറാക്കിയ സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് എന്നിവ പരിഗണിച്ചതിൽ, പ്രസ്തുത ഭൂമി ഏറ്റെടുക്കേണ്ടത് അത്യന്താപേക്ഷിതമായതിനാലും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് കൊണ്ട് ഏതെങ്കിലും കുടുംബങ്ങൾക്കോ പരിസ്ഥിതിക്കോ പ്രകടമായ യാതൊരു പ്രത്യാഘാതങ്ങളും ഉണ്ടാകുന്നില്ല എന്ന് വിലയിരുത്തുകയും ബദൽ മാർഗ്ഗങ്ങൾ

പരിഗണിക്കുന്നത് പ്രയോഗികമല്ലാത്തതിനാലും, പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, അങ്കമാലി വില്ലേജ് ബ്ലോക്ക് 1 2 റീസർവ്വെ 24/10 (പുതിയ സർവ്വെ റിക്കാർഡു പ്രകാരം 3 2 ) ൽ പ്പെട്ട 0.07 ആർ വസ്തു, പൊന്നും വില നടപടികൾ പ്രകാരം ഏറ്റെടുക്കുന്നതിന് LARR Act 2013 സെക്ഷൻ 8(1),(2) എന്നിവ പ്രകാരം അംഗീകാരം നൽകി 25/10/2017 തീയതിയിലെ സി1-86808/2016 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവായിട്ടുള്ളതും ഈ ഉത്തരവിന്റെ പകർപ്പ്, സെക്ഷൻ 8 ( 3 ) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാൻഡ് അക്വസിഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെയും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെയും ആയതിന് അംഗീകാരം നൽകിയ ഉത്തരവിന്റെയും പകർപ്പുകൾ ജില്ലാകളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ (*ernakulam.gov.in*) പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതിന്റെ പകർപ്പുകൾ എറണാകുളം ജില്ലാ കളക്ടറേറ്റ്, സ്പെഷ്യൽ തഹസിൽദാർ, എൽ എ എയർപോർട്ട് നെടുമ്പാശ്ശേരി എന്നീ ഓഫീസുകളിലും ലഭ്യമാണ്.

Signature Not Verified

Digitally signed by K MOHAMMED Y SAFIRULLA
Date: 2017.12.31 10:06:07 IST
Reason: Approved

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

K MOHAMMED Y SAFIRULLA IAS
DISTRICT COLLECTOR